# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## എമർജിംഗ് കേരള

670 ശ്രീ. സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത സമിതിയുടെ ഘടനയും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>എമർജിങ്ങ് കേരള വഴി ആരംഭിച്ച വ്യവസായങ്ങൾ</u>

671 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിങ്ങ് കേരള വഴി കാസർഗോഡ് ജില്ലയിൽ എത്ര സ്വകാര്യ/പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിക്കാൻ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

വ്യവസായ വകുപ്പിന്റെ സംരഭകത്വ സഹായ പദ്ധതി

672 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായമേഖലക്ക് പുത്തനുണർവ്വ് നൽകുവാനായി വ്യവസായ വകുപ്പ് സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്) നടപ്പിലാക്കുവൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുള്ള ചട്ടങ്ങൾ അംഗീകരിച്ച് കൊണ്ട് ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) ഏതെല്ലാം സഹായങ്ങൾ ഈ പദ്ധതി പ്രകാരം ലഭിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള അപേക്ഷ എവിടെയാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(ഇ) ബാങ്ക് വായ്പ ഇല്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കും ഈ സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത</u>

673 ശ്രീ. പി.സി.വിഷ്ണുനാഥ്
,, അന്‍വര്‍ സാദത്ത്
,, വി.റ്റി.ബല്‍റാം
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇവയുടെ പ്രവര്‍ത്തനവും പ്രയോജനവും ഇതിനായി വിനിയോഗിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ മാലിന്യ പ്രശ്നങ്ങള്‍ പരിഹരിക്കുവാനും അതുവഴി വൈദ്യുതി ഉത്പാദനം നടത്തുവാനും ഉള്ള സംരഭങ്ങള്‍ക്ക് പൊതുമേഖലാസ്ഥാപനങ്ങളെ പ്രയോജന പ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സാമൂഹിക പ്രതിബദ്ധതയ്ക്ക് വേണ്ടി പ്രവര്‍ത്തിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം</u>

674 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് തുക നല്കിയതെന്നും എത്ര രൂപവീതമാണ് അനുവദിച്ചതെന്നും അറിയിക്കുമോ;

(സി) 'എമർജിംഗ് കേരള'യിലൂടെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ലാഭകരമായി പ്രവര്‍ത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങള്‍</u>

675 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളില്‍ മുന്‍ സര്‍ക്കാരിന്റെ ഭരണകാലത്ത് ലാഭകരമായി പ്രവര്‍ത്തിച്ചിരുന്നു എന്ന് അവകാശപ്പെട്ടവ ഏതെല്ലാം;

(ബി) അവയില്‍ ഏതെല്ലാമാണ് നഷ്ടത്തിലായിരുന്നുവെന്ന് ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തിയത് എന്ന് വെളിപ്പെടുത്തുമോ;

(സി) തെറ്റായ വിവരം പ്രസിദ്ധപ്പെടുത്തിയതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി

676 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് കൊച്ചുവേളി, മഞ്ചേരി, കോട്ടയ്ക്കൽ എന്നീ സ്ഥലങ്ങളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) എത്ര ഏക്കർ സ്ഥലമാണ്, ഇത്തരം വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത്/റവന്യൂ ഭൂമി ചൂണ്ടിക്കാണിച്ചാൽ ഇത്തരം എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് ഉള്ള ലിസ്റ്റിൽ ചിറയിൻകീഴ് നിയോജമണ്ഡലത്തിലെ സ്ഥലങ്ങൾ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിൽ ഉള്ള ഫാക്ടറികൾ</u>

677 ശ്രീ. സി. ദിവാകരൻ
'' കെ. രാജു
'' ജി. എസ്. ജയലാൽ
'' ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിൽ ഇപ്പോൾ എത്ര ഫാക്ടറികൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ സ്വകാര്യ ഉടമസ്ഥതയിൽ തന്നെ നിലനിൽക്കുന്ന എത്ര ഫാക്ടറികളുണ്ട്; കോർപ്പറേഷൻ വാടകയ്ക്ക് എടുത്ത് നടത്തുന്ന എത്ര ഫാക്ടറികളുണ്ട്;

(സി) കശുവണ്ടി ഫാക്ടറികളിൽ ഇപ്പോൾ അടഞ്ഞുകിടക്കുന്നവയുണ്ടോ; ഉണ്ടെങ്കിൽ കോർപ്പറേഷന്റേയും കാപ്പക്സിന്റയും എത്ര ഫാക്ടറികൾ വീതം അടഞ്ഞുകിടപ്പുണ്ട്; ഈ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സ്റ്റീൽ ഇൻഡസ്ട്രീയിൽ ഫോർജിംഗ് ലിമിറ്റഡ്</u>
<u>ഉല്പന്നങ്ങളുടെ വിപണനം</u>

678 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ് ലിമിറ്റഡ് ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത മാനദണ്ഡങ്ങൾക്ക് ഇപ്പോൾ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാം;

(ബി) ഇടനിലക്കാർ മുഖേന ഉല്പന്നങ്ങൾ വിപണനം നടത്തുന്ന രീതി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നേരിട്ടുള്ള വിപണന രീതി നിർത്തി വച്ചത് എന്നുമുതലാണെന്ന് വ്യക്തമാക്കാമോ;

(സി) ഹൈദരാബാദിലെ 'മേഡക്ക്' ആയുധ നിർമ്മാണ കമ്പനിക്ക് യുദ്ധ ടാങ്കിന്റെ യന്ത്രഭാഗങ്ങൾ വിപണനം നടത്തിയതിൽ അഴിമതി നടന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ഉൽപാദനം</u>

679 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്രമാത്രം ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു എന്നു വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിന് ഇടയാക്കിയ കാരണം എന്താണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്
ഉൽപന്നങ്ങളുടെ കയറ്റുമതി

680 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപന്നങ്ങൾ ഇപ്പോൾ കയറ്റുമതി ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടന്ന കയറ്റുമതിയുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധിക്ക് കെൽട്രോൺ നടപ്പിലാക്കിയ പദ്ധതികൾ</u>

681 ശ്രീ. വർക്കല കഹാർ
,, പി.എ.മാധവൻ
,, റ്റി.എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് കെൽട്രോൺ ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇനി എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കെൽട്രോൺ സ്ഥാപനങ്ങളിലെ
തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി

682 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും കെൽട്രോൺ സ്ഥാപനങ്ങളിൽ പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകാൻ ബാക്കിയുണ്ടോ;

(ബി) എങ്കിൽ ആകെ കുടിശ്ശിക എത്രയെന്നും എത്ര പേർക്കാണ് നൽകാനുള്ളതെന്നും അറിയിക്കുമോ ;

(സി) കുടിശ്ശിക കൊടുത്തു തീർക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) കുടിശ്ശിക എന്ന് കൊടുത്തു തീർക്കും എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കിൻഫ്രയുടെ രൂപീകരണത്തിനുശേഷമുള്ള ഭൂമി ഏറ്റെടുക്കൽ നടപടി</u>

683 ശ്രീ. പി. ബി. അബ്ദുൽ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനമായ കിൻഫ്ര രൂപീകരിച്ചത് എന്നാണ്;

(ബി) കിൻഫ്ര രൂപീകരണത്തിന് ശേഷം ഇതുവരെയായി വ്യവസായ വികസനത്തിന് എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ ഭൂമിയുള്ളത്; ഏതെല്ലാം വർഷങ്ങളിലാണ് ഈ ഭൂമി ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) കിൻഫ്രയുടെ ഭൂമിയിൽ ഏതെല്ലാം കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഭാവിയിൽ കിൻഫ്ര നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലിന്റെയും ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെയും പരിഗണനയ്ക്കുവന്ന പദ്ധതികൾ

684 ശ്രീ. സി.കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് എമർജിങ്ങ് കേരളയെ തുടർന്ന് രൂപം നൽകിയ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലിന്റെയും ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെയും പരിഗണനയ്ക്ക് വന്ന പദ്ധതികൾ ഏതൊക്കെ;

(ബി) ഇതിനകം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാം;

(സി) കൗൺസിലും ബോർഡും രൂപീകരിക്കപ്പെട്ടതിനുശേഷം നയപരമായ ഏതെല്ലാം സംഗതികളിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കൗൺസിലും ബോർഡും ഇതിനകം എത്ര തവണ ചേരുകയുണ്ടായി?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

പീഡിത നിർമ്മാണ യൂണിറ്റുകൾക്കുള്ള
ഇൗസി എക്സിറ്റ് പോളിസി

685 ശ്രീ. എം.എ.ബേബി

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പീഡിത നിർമ്മാണ യൂണിറ്റുകളുടെ ഇൗസി എക്സിറ്റിനായി എക്സിറ്റ് പോളിസി രൂപീകരിക്കുമെന്നു സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ; രൂപീകരിച്ച എക്സിറ്റ് പോളിസിയെ സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളിലെ കാഷ്വൽ/കോൺട്രാക്റ്റ് ജീവനക്കാർ</u>

686 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ആകെ എത്ര കാഷ്വൽ, കോൺട്രാക്ട് ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവർ എതെല്ലാം സ്ഥാപനങ്ങളിലുള്ളവരെന്ന് തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഇവയിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്നവർ എത്രയെന്ന് അറിയിക്കാമോ ;

(ഡി) കാഷ്വൽ/കോൺട്രാക്റ്റ് ജീവനക്കാർക്ക് സമാന ജോലി ചെയ്യുന്നവർക്ക് നൽകുന്നതിന് തുല്യമായ ശമ്പളം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവരെ മാനദണ്ഡങ്ങൾ പാലിച്ച് സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ സ്ഥാപനങ്ങൾ</u>

687 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നവീകരിക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വ്യവസായ വകുപ്പിന് കീഴിലുള്ള തഴക്കരയിലെ സ്ഥാപനങ്ങൾ

688 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ തഴക്കരയിൽ നൂറേക്കറിൽ സ്ഥിതി ചെയ്യുന്ന, വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥലത്ത് ആകെ എത്ര വ്യവസായസ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വ്യവസായത്തിനായി അപേക്ഷ നൽകിയവർ തന്നെയാണോ വ്യവസായ സ്ഥാപനം നടത്തുന്നത്;

(സി) എത്ര ഏക്കർ സ്ഥലത്ത് വ്യവസായ സ്ഥാപനങ്ങളുണ്ട്;

(ഡി) ഓരോ വ്യവസായ സ്ഥാപനത്തിനും ആവശ്യമായ സ്ഥലത്തിന് അപേക്ഷ നൽകിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ആവശ്യപ്പെട്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സ്ഥലത്ത് നിലവിൽ നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം; ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ഗോഡൗൺ ആവശ്യത്തിനായി പ്രസ്തുത സ്ഥലം കൈമാറാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ; ഗോഡൗൺ ആവശ്യത്തിനായി പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ജി) വ്യവസായം ആരംഭിക്കുവാൻ അനുവാദം കൊടുക്കുകയും, ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ നിലവിലുണ്ടോ; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വാതക പൈപ്പ് ലൈൻ പാത</u>

689 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിലൂടെയാണ് വാതക പൈപ്പ് ലൈൻ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പൈപ്പ് ലൈൻ പാത ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടി എടുക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി</u>

690 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം ഗ്യസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് എന്തൊക്കെ നഷ്ടപരിഹാരം നൽകുവാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ ഗെയിൽ വാതകപൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

691 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ എത്ര വീടുകൾ നഷ്ടപ്പെടുമെന്നും, 10 സെന്റിൽ താഴെ ഭൂമിയുള്ള എത്ര കൈവശക്കാരുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കമ്പോള വിലയുടെ എത്ര ശതമാനമാണ് നഷ്ടപരിഹാരമായി നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി നിശ്ചയിച്ച ഭൂമിയുടെ വിസ്തൃതി 20 മീറ്ററിൽ നിന്നും കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൈപ്പ് ലൈനിന്റെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിലെ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം</u>

692 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിൽ അനുവദിക്കപ്പെട്ട 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം നിശ്ചയിച്ച് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയുടെ അളവും സ്ഥാനവും വ്യക്തമാക്കുന്ന സ്കെച്ചിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സബ്ബ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പണം അനുവദിക്കാൻ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത തുക എപ്പോൾ ലഭ്യമാക്കാൻ കഴിയും ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ചീമേനി താപനിലയത്തിന്റെ നിർമ്മാണം</u>

693 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായ-വൈദ്യുതി വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ ചീമേനിയിൽ പ്രഖ്യാപിച്ച ചീമേനി താപനിലയം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിപ്രകാരമുള്ള സംരംഭങ്ങൾ</u>

694 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം ചെറുകിട സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്കായി ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രം എത്ര തുക അനുവദിച്ചിരുന്നു എന്നത് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് വിഭാവനം ചെയ്ത പദ്ധതികൾ ഏതെല്ലാം; കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട്; വിശദമായി വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഫണ്ട് ലഭിച്ചതനുസരിച്ച് സംസ്ഥാനത്താകെ വിവിധ സംരംഭങ്ങൾക്കായി എത്ര സംരംഭക അപേക്ഷകൾ കൈപ്പറ്റി; എത്ര രൂപ പദ്ധതി ചെലവ് വരുന്നതാണ് പ്രസ്തുത സംരംഭങ്ങൾ; വിശദമായി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംരംഭങ്ങളിൽ എത്രയെണ്ണം ബാങ്കുകളിലേയ്ക്ക് സർക്കാർ ശുപാർശ ചെയ്തു; ശുപാർശ ചെയ്ത പദ്ധതികൾ എത്ര കോടി രൂപയുടേതാണ്; ശുപാർശ ചെയ്തതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ബാങ്കുകൾ അംഗീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) പദ്ധതികൾ അംഗീകരിക്കാത്തതുമൂലം കേന്ദ്ര ഫണ്ടിൽ എത്ര കോടി രൂപയാണ് നഷ്ടമാകുന്നത്/നഷ്ടമാകാൻ സാധ്യത എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>മള്‍ട്ടി ലെവല്‍ മാര്‍ക്കറ്റിംഗ്</u>

695 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മള്‍ട്ടി ലെവല്‍ മാര്‍ക്കറ്റിംഗ് നിയന്ത്രിക്കാന്‍ വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യവസായവകുപ്പ് മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാമാണ്;

(സി) മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പാലിക്കാത്തവര്‍ക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) മള്‍ട്ടി ലെവല്‍ മാര്‍ക്കറ്റിംഗ് നിയന്ത്രിക്കാന്‍ പുതിയ നിയമനിര്‍മ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>മരത്തടി ഇറക്കുമതി</u>
<u>ചെയ്യുന്നതിന് സിഡ്കോ സ്വീകരിച്ച നടപടികൾ</u>

696 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ നിന്ന് മരത്തടികൾ ഇറക്കുമതി ചെയ്യുന്നതിന് ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നും ഏതെല്ലാം മരത്തടികൾ ഏതെല്ലാം നിലയിൽ ഇറക്കുമതി ചെയ്യാനാണുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഏതെല്ലാം സംസ്ഥാനങ്ങളുമായി എന്തെല്ലാം ഒത്തുതീർപ്പുകളിൽ എത്തിയിട്ടുണ്ട്; വിദേശ രാജ്യങ്ങളിൽ മരത്തടികൾ കണ്ടെത്തുന്നതും നിരക്ക് നിശ്ചയിക്കുന്നതും സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വകുപ്പുകൾക്കായി ബജറ്റിൽ അനുവദിച്ചതും</u>
<u>ചെലവാക്കിയതുമായ തുകയുടെ കണക്കുവിവരം</u>

697 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഓരോ വകുപ്പിനും 2012-13 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുകയും നാളിതുവരെ ഓരോ വകുപ്പും ചെലവഴിച്ച തുകയും
സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വകുപ്പ് വഴിയും ബജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും ഇതിനകം നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെ; ഭരണാനുമതി നൽകാത്തവ ഏതൊക്കെ; ഭരണാനുമതി നൽകിയെങ്കിലും പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ലാത്തവ ഏതൊക്കെ;

(സി) ഓരോ വകുപ്പിന്റെയും ഓരോ ഹെഡിലും വകയിരുത്തിയ തുകയും, ഇതിനകം ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുകയും സംബന്ധിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ജൈവശാസ്ത്ര ഉദ്യാനം</u>

698 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മംഗലപുരം വില്ലേജിൽ ജൈവ-ശാസ്ത്ര ഉദ്യാനം സ്ഥാപിക്കുന്നതിന് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് സർക്കാർ വിജ്ഞാപനം ചെയ്തത്; ഇതിൽ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു; ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന്
കെ.എസ്.ഐ.ഡി.സി.യും റവന്യു വകുപ്പും സ്വീകരിച്ച
നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇവിടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പരിപാടികളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി, ഇതിനകം എത്ര കോടി രൂപ സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി.യ്ക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി നാളികേര പാർക്ക്</u>

699 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്ക് സംബന്ധിച്ച പ്രൊജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) നിർദ്ദിഷ്ട പാർക്ക് ഏത് രീതിയിൽ നടത്തുന്നതിനാണ് കെ.എസ്.ഐ.ഡി.സി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) നിർദ്ദിഷ്ട പാർക്കിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വയനാട്ടിലെ മെഗാ ഫുഡ് പാർക്ക്

700 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ സ്ഥാപിക്കുന്ന മെഗാ ഫുഡ് പാർക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷം പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയെന്നും എത്രതുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ എന്തെല്ലാം സേവനങ്ങളാണ് ജില്ലയിൽ ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>മൈനിംഗ് ആന്റ് ജിയോളജി ഓഫീസുകൾ</u>

701 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജിക്ക് എല്ലാ ജില്ലകളിലും ഓഫീസുകളുണ്ടോ; ജില്ലാ ഓഫീസുകളിൽ ഏതെല്ലാം സംവിധാനങ്ങൾ ഉണ്ട്;

(ബി) മൈനിംഗ് ആന്റ് ജിയോളജിക്കു എല്ലാ ജില്ലാ ഓഫീസുകളിലും വാഹനങ്ങളുണ്ടോ;

(സി) കാസർഗോഡ് ജില്ലാ മൈനിംഗ് ഓഫീസിൽ 16 വർഷം പഴക്കമുള്ള വാഹനമാണുള്ളത്. ഇത് പ്രവർത്തനക്ഷമമല്ലാത്തതു കൊണ്ട് പുതിയ വാഹനം നൽകാൻ പദ്ധതിയുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൈത്തറി പുനരുദ്ധാരണ പഠന കമ്മിറ്റി</u>

702 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ജി.എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി പുനരുദ്ധാരണ പഠന കമ്മിറ്റിയെ നിയോഗിച്ചതെന്നാണ്; ഈ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം;

(ബി) ഈ നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കടക്കെണിയിലായ കൈത്തറി സംഘങ്ങൾ

703 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടക്കെണിയിലായ എത്ര കൈത്തറി സംഘങ്ങളുണ്ട് ; ഈ സംഘങ്ങളുടെ വായ്പയും പലിശയും എഴുതി തള്ളാനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതെന്നാണ് ; ഈ പദ്ധതി പ്രകാരം എത്ര കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു ;

(ബി) പ്രസ്തുത തുക കൈത്തറി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള ചുമതലയുള്ള ഏജൻസി ഏതാണ് ; ഈ തുക സംഘങ്ങൾക്ക് ലഭിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാം ; ഈ തുക വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) 2011-ൽ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമായി എത്ര തുക അനുവദിച്ചു ; ഇതിൽ എത്ര തുക വിതരണം ചെയ്തു ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കൈത്തറി സംഘങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ</u>

704 പ്രൊഫ. സി.രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി സംഘങ്ങളെ സംരക്ഷിക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും സഹായം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള കൈത്തറി സംഘങ്ങളുടെ കടം എത്ര രൂപയാണ് ഉള്ളത് എന്ന് വിശദമാക്കാമോ;

(സി) കൈത്തറി സംഘങ്ങളുടെ കടം എഴുതി തള്ളാൻ സർക്കാർ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഹാൻടെക്സ് വാങ്ങിയ തുണിത്തരങ്ങൾ

705 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികളിൽ നിന്ന് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ വഴി ഈ വർഷം എത്ര രൂപയുടെ തുണി ഹാൻടെക്സ് (ഒഅചഠഋത) വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാൻടെക്സ്) അന്യ സംസ്ഥാനങ്ങളിലെ സ്വകാര്യ സംരംഭകരിൽ നിന്നും ഈ വർഷം എത്ര കോടി രൂപയുടെ തുണി വാങ്ങികൂട്ടിയെന്ന് വെളിപ്പെടുത്താമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പുതുതായി എത്ര സംഘങ്ങളാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; നെയ്യാറ്റിൻകര താലൂക്കിൽ നിലവിൽ എത്ര സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുളളതെന്നും; അവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്നും വ്യക്തമാക്കാമോ;

(ഡി) പുതുതായി രൂപീകരിക്കപ്പെട്ടിട്ടുളള കടലാസ് സംഘങ്ങളുടെ പേരിൽ അന്യ സംസ്ഥാനത്തുളള സ്വകാര്യ വ്യക്തികളുടെ തുണിത്തരങ്ങൾ വാങ്ങി കൂട്ടുന്നതും വ്യാജരേഖകളിലൂടെ റിബേറ്റ് വെട്ടിപ്പ് നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയുന്നതിനായി ഭാവിയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

വെങ്ങാലി ഖാദി യൂണിറ്റ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ

706 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെങ്ങാലിയിൽ സർവ്വോദയ സംഘത്തിന്റെ_കീഴിലുള്ള ഖാദി യൂണിറ്റ് ഇടിഞ്ഞുപൊളിഞ്ഞിരിക്കുന്ന കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനിതാ ജീവനക്കാരുൾപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിൽ ജീവനക്കാരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഖാദി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ

707 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയായ ഖാദി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സഞ്ചരിക്കുന്ന വിപണന യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>M ഗവേണൻസ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

708 ശ്രീ. ജോസഫ് വാഴക്കൻ
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) M ഗവേണൻസ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സർക്കാർ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര വകുപ്പുകളുടെ സേവനങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഇ-ഗവേണൻസ് പദ്ധതി</u>

709 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**<u>വ്യവസായവും വിവരസാങ്കേതികവും</u> വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളും നേട്ടങ്ങളും ആണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏത് ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇ-ഗവേണൻസ് നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കേരള ജിയോ പോര്‍ട്ടല്‍ സംവിധാനം</u>

710 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കേരള ജിയോപോര്‍ട്ടല്‍ സംവിധാനം നിലവില്‍ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിവരങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പാരിസ്ഥിതികവും,ഭൂമിശാസ്ത്രപരവുമായ എന്തെല്ലാം വിവരങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലം ഏജന്‍സികളുടെ സഹായത്തോടെയാണ് ഈ സംവിധാനം പ്രവര്‍ത്തിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സർക്കാരിൽ നിന്ന് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ വഴി</u>

711 ശ്രീ. കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്ന് ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ ആക്കുന്ന സംവിധാനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏത് പദ്ധതി പ്രകാരമാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ സർട്ടിഫിക്കറ്റുകളും സേവനങ്ങളുമാണ് ഇതു വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഐ.റ്റി അടിസ്ഥാനമാക്കിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ</u>

712 ശ്രീ. ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഐ.റ്റി അടിസ്ഥാനപ്പെടുത്തിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സ്മാർട്ട്സിറ്റി കരാറിലെ വ്യവസ്ഥകൾ</u>

713 ശ്രീ. എസ്. ശർമ്മ
,, പുരുഷൻ കടലുണ്ടി
,, സാജു പോൾ
,, എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പദ്ധതികൾ നിർവ്വഹിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(ബി) നിശ്ചിത സമയത്തിനകം നിശ്ചിത വിസ്തൃതിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും തൊഴിലവസരങ്ങളും ഉണ്ടായിട്ടില്ലെങ്കിൽ നൽകേണ്ടിയിരുന്ന പിഴ സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) കടമ്പ്രയാറിന്റെ രണ്ടു കരകളും ചേർത്ത് ഒറ്റ സെസ് ലഭ്യമാക്കാമെന്ന് കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നുവോ;

(ഡി) സെസ് പദവി ലഭിച്ച സ്ഥലങ്ങൾ സംബന്ധിച്ച സെസ് വ്യവസ്ഥകൾ വിശദമാക്കാമോ;

(ഇ) ആദ്യഘട്ടത്തിൽ സെസ് പദവി ലഭിച്ച 131 ഏക്കർ സ്ഥലത്ത് ടീകോം ഇവ പാലിച്ചിട്ടുണ്ടോ;

(എഫ്) സ്മാർട്ട്സിറ്റിയിൽ ഐ.ടി.യ്ക്ക് എത്ര ശതമാനം സ്ഥലം വിനിയോഗിക്കേണ്ടതുണ്ട്; പാർപ്പിട വാണിജ്യാവശ്യങ്ങൾക്കുള്ള ശതമാനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ജി) സ്മാർട്ട്സിറ്റി പ്രവർത്തനം എപ്പോൾ ആരംഭിക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്; അപ്പോൾ മാസ്റ്റർപ്ലാനിന്റെ എത്ര ശതമാനം പൂർത്തിയാക്കണമെന്നാണ് ലക്ഷ്യം; ഇതിനായി എത്ര തുക നിക്ഷേപിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം</u>

714 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരും ടീകോമുമായിട്ടുള്ള കരാർ പ്രകാരം സ്മാർട്ട്സിറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങളായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ ഭൂമി സ്വകാര്യ ആവശ്യത്തിനായി നൽകുന്നതിനോ എസ്.ഇ.ഇസഡ്. പ്രകാരം കൂടുതൽ ഇളവുകൾ നൽകുന്നതിനോ എന്തെങ്കിലും പുതിയ കരാർ ടീകോമുമായി വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

വിവരസാങ്കേതികവിദ്യാ രംഗത്തെ സ്ഥാപനങ്ങൾ

715 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യാ രംഗത്ത് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ എത്രയാണെന്നും മൊത്തം എത്രപേർ ഈ രംഗത്ത് നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) അടുത്ത അഞ്ച് വർഷത്തിനകം വിവര സാങ്കേതികവിദ്യാരംഗത്ത് സംസ്ഥാനത്ത് പുതുതായി എത്ര പേർക്ക് തൊഴിൽ സാധ്യതയുണ്ടെന്ന് വ്യക്തമാക്കാമോ; പുതുതായി എത്ര കമ്പനികൾ വരുമെന്ന് ലക്ഷ്യമുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വിവരസാങ്കേതികരംഗത്തെ തൊഴിൽ സംരംഭങ്ങൾ

716 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക രംഗത്ത് എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ഈ സർക്കാർ വന്നതിനുശേഷം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത വ്യവസായസംരംഭങ്ങൾ ഏതെല്ലാമെന്ന് പറയുമോ ; പൊതുമേഖലയിൽ സ്ഥാപിച്ചവ ഏതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത രംഗത്ത് എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ;

(സി) പുതിയ ഐ.ടി. പാർക്കുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം; പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഗ്രാമീണ മേഖലയിലെ ഐ.ടി വികസനം

717 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആധുനിക വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ പ്രധാന പട്ടണങ്ങളെ മാത്രം കേന്ദ്രീകരിച്ച് പരിമിതപ്പെട്ടുപോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നുന്നതിനുവേണ്ടി ടെക്നോപാർക്കിന്റെ ഹബ്ബുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് പരിശ്രമമുണ്ടാകുമോ;

(സി) ഗ്രാമീണ മേഖലയിലെ ഐ.ടി വികസനത്തിന് വേണ്ടി നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട് എന്ന് അറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ, ഗ്രാമീണ മേഖലയിലേയ്ക്ക് പ്രത്യേകമായി ഐ.ടി വികസന പാക്കേജ് നടപ്പിലാക്കുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഐ. ടി. തൊഴിലവസരങ്ങൾ</u>

718 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഐ. ടി. കമ്പനികൾ സംസ്ഥാനത്ത് സ്ഥാപിച്ചു; ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയയൊക്കെ പുതുതായി ടെക്നോപാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ സോഫ്റ്റ്വെയർ കയറ്റുമതി എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര ഐ. ടി. തൊഴിലവസരങ്ങൾ സൃഷ്ടിച്ചു എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ഐ.ടിപാർക്കുകളിലെ കെട്ടിടങ്ങൾ കമ്പനികൾക്കായി ഇനിയും അലോട്ട് ചെയ്യാനുള്ള സ്ഥലസൗകര്യം</u>

719 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്ക്, യു.എൽ. സൈബർ പാർക്ക്, എറണാകുളം ഇൻഫോ പാർക്ക്, സമാർട്ട്സിറ്റി, തിരുവനന്തപുരം ടെക്നോപാർക്ക് എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുത്തതും നിർമ്മിച്ചുക്കൊണ്ടിരിക്കുന്നതുമായ ഐ.ടി. കെട്ടിടങ്ങളിൽ പുതിയ കമ്പനികൾക്കായി ഇനിയും അലോട്ട് ചെയ്യാൻ സാധ്യമായ സൗകര്യങ്ങളെ സംബന്ധിച്ച് വിസ്തീർണ്ണം അടിസ്ഥാനമാക്കി വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിലവിൽ ഐ.ടി. കമ്പനികൾക്ക് അലോട്ട് ചെയ്തുകൊടുത്തിട്ടുള്ളതായ സ്ഥലം എത്ര സ്ക്വയർ ഫീറ്റ് വീതമാണ്;

(സി) അടുത്ത അഞ്ച് വർഷത്തിനകം ഈ കേന്ദ്രങ്ങളിൽ ഓരോന്നിലും പുതുതായി എത്ര സ്ക്വയർഫീറ്റ് വീതം ഐ.ടി. കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

**കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിന്റെ സ്ഥലമെടുപ്പ് പൂർത്തീകരണം**

720 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിക്കഴിഞ്ഞുവോ;

(ബി) സ്ഥലമെടുപ്പ് പൂർത്തിയായിക്കഴിഞ്ഞ ശേഷം ഏറ്റെടുത്ത ഭൂമി ഒഴിവാക്കിത്തരണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കുമോ ; ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ സർക്കാരോ സി.ഇ.ഒ.യോ എന്തെങ്കിലും സത്യവാങ്മൂലം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ഗവ: സൈബർ പാർക്ക് നിർമ്മാണത്തിന്റെ പുരോഗതി</u>

721 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്ക് കെട്ടിടം എത്ര വിസ്തൃതിയിലാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നാണ് ടെണ്ടർ ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോടതി വ്യവഹാരങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കെട്ടിടം എന്ന് പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) കെട്ടിട നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാര്യകാരണങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്ക്

722 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിന്റെ പ്രധാന കെട്ടിടം എത്ര വിസ്തൃതിയിൽ നിർമ്മിക്കാനാണ് ആദ്യം ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കെട്ടിടം നിർമ്മിക്കുന്നതിനായി എന്നാണ് ടെണ്ടർ വിളിച്ചതെന്നും, ആരാണ് കരാർ ഏറ്റെടുത്തതെന്നും വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരോട് പ്രവൃത്തി ആരംഭിക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിരുന്നുവോ;

(ഡി) എങ്കിൽ ആരാണ് നിർദ്ദേശം നൽകിയതെന്നും നിർദ്ദേശം നൽകുന്നതിനുള്ള കാരണവും, നൽകിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ടെക്നോ പാർക്കിലെ കമ്പനികൾ</u>

723 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോ പാർക്കിൽ നിലവിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അവയുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കമ്പനികൾ ആരംഭിക്കുന്നതിന് ഏതൊക്കെ ഏജൻസികൾക്കാണ് അനുമതി നൽകിയതെന്ന് അറിയിക്കുമോ;

(സി) കേരള സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഏതെങ്കിലും കമ്പനി ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ, സർക്കാരിന്റെ ഉടമസ്ഥതയിൽ കമ്പനികൾ ടെക്നോപാർക്കിൽ ആരംഭിക്കുന്നതിന് പരിശ്രമം ഉണ്ടാകുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കുറുവിലങ്ങാട് കേന്ദ്രമാക്കി ഐ. ടി. പാർക്ക്</u>

724 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറുവിലങ്ങാട് കേന്ദ്രമായി ഐ. ടി. പാർക്ക് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് നയപരമായ തീരുമാനം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് ഐ. ടി. വകുപ്പിൽ നിലവിലുള്ള ഫയൽ നമ്പർ വ്യക്തമാക്കുമോ;

(ഡി) കുറുവിലങ്ങാട് കോഴയിൽ സ്ഥാപിക്കുവാൻ നിശ്ചയിച്ചിരുന്ന ഐ.ടി പാർക്കിന്, ടെക്നോപാർക്കിന്റെ നേതൃത്വത്തിൽ
നടത്തിയ സാധ്യതാപഠനത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഇ) കോട്ടയം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കുറുവിലങ്ങാട് കോഴയിലുള്ള ജില്ലാ കൃഷിത്തോട്ടത്തിന്റെ 25 ഏക്കർ ഉപയോഗശൂന്യമായ ഭൂമി ഐ.ടി പാർക്കിന് ജില്ലാപഞ്ചായത്ത് വിട്ടു നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ആധാർ രജിസ്ട്രേഷൻ</u>

725 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ‘ആധാർ’ രജിസ്ട്രേഷൻ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; കേരളത്തിൽ ഇത് നൽകുന്നത് ഏത് ഏജൻസി വഴിയാണ്;

(ബി) ആധാർ കാർഡ് എടുക്കാത്തവർക്ക് പുതുതായി എടുക്കുവാൻ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആധാറിലെ തെറ്റ് തിരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിക്കുന്നതിനുവേണ്ടി ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ആധാര്‍ തിരിച്ചറിയല്‍ കാര്‍ഡ് വിതരണം

726 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പ്മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാജ്യത്തെ പൗരന്‍മാര്‍ക്കു നല്‍കുന്ന ആധികാരിക തിരിച്ചറിയല്‍ രേഖ (ആധാര്‍ കാര്‍ഡ്) സംസ്ഥാനത്തു വിതരണം ചെയ്യുന്നതില്‍ വ്യാപക തെറ്റുകള്‍ കടന്നുകൂടുന്നതായ വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആധികാരിക തിരിച്ചറിയല്‍ രേഖയായി ഉപയോഗിക്കുന്നിനാല്‍ ആധാര്‍ കാര്‍ഡ് കൈകാര്യം ചെയ്യുന്നതിന് കുറ്റമറ്റ സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തുമോ;

(സി) ഇതിനകം ഏതെല്ലാം ജില്ലകളില്‍ ആധാര്‍കാര്‍ഡ് ഡാറ്റാ എന്‍ട്രിയും വിതരണവും പൂര്‍ത്തിയായി; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) ബയോമെട്രിക് രജിസ്ട്രേഷന്‍ കഴിഞ്ഞവര്‍ക്ക് ആധാര്‍ കാര്‍ഡ് നിര്‍ബന്ധമാണോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ആധാർ രജിസ്ട്രേഷൻ</u>

727 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഓരോ താലൂക്കിലും നടത്തിയ ആധാർ കാർഡ് രജിസ്ട്രേഷനുകളുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടത്തിയ ആധാർ രജിസ്ട്രേഷനുകളുടെ എണ്ണവും അത് ഓരോ പഞ്ചായത്തിലും എത്ര ശതമാനം വീതമെന്നും വെളിപ്പെടുത്തുമോ;

(സി) ആധാർ കാർഡുകളിലൂടെ സർക്കാർ ഉറപ്പുവരുത്തുന്ന സേവനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ആധാർ രജിസ്ട്രേഷൻ ഇല്ലാത്തവർക്കുള്ള സർക്കാർ സഹായങ്ങൾ ജനങ്ങൾക്ക് ഏതു രീതിയിൽ ഉറപ്പാക്കും എന്നു വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ജനുവരി 28.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.